# ചെട്ടികളുടെ അധിവാസസ്ഥാനങ്ങൾ സ്ഥലനാമങ്ങളിൽ

കലാചന്ദ്രൻ
ഗവേഷക, മലയാളവിഭാഗം, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി

## സ്ഥലനാമങ്ങൾ

മനുഷ്യരുടെ അധിവാസക്രമങ്ങളും ജീവിതരീതിയും വ്യക്തമാക്കുന്ന അറിവുരൂപങ്ങളാണ് സ്ഥലനാമങ്ങൾ. ജാതി, തൊഴിൽ, ഉല്പാദനം, കച്ചവടം, ആചാരാനുഷ്ഠാനങ്ങൾ, ഭൂമിശാസ്ത്രം തുടങ്ങി സാമൂഹികജീവിതവുമായി ബന്ധപ്പെടുന്ന വിഭിന്നഘടകങ്ങൾ സ്ഥലനാമങ്ങളിലൂടെ വ്യവഹരിക്കപ്പെടുന്നു. സാംസ്കാരികസൂചകങ്ങളെ ഭാഷാരൂപത്തിൽ ചിഹ്നങ്ങളായി സൂക്ഷിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന സ്ഥലനാമങ്ങൾ ഒരു പ്രദേശത്തിന്റെ സാംസ്കാരികവും ഭാഷാപരവും സാമൂഹികവും ആയ വളർച്ചയുടെയും പരിണാമത്തിന്റെയും വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള രേഖപ്പെടുത്തലുകൾ കൂടിയാണ്. ഓരോ തുണ്ടു ഭൂമിക്കും പേരിടുന്ന രീതിയാണ് കേരളത്തിലേത്. പറമ്പ്/വളപ്പ്/കുടിയിരുപ്പ് പേരുകൾ എന്നാണിവ വ്യവഹരിക്കപ്പെടുന്നത്. കേരളത്തിന്റെ സവിശേഷ ഭൂസ്ഥിതിയും ഘടനയും മറ്റും ആധാരമാക്കി രൂപപ്പെട്ടുവന്ന അധിവാസസമ്പ്രദായങ്ങൾ, ഓരോ അധിവാസമാത്രയിലെയും സമുദായഘടകങ്ങൾ, സവിശേഷ ഗ്രാമീണ -സമൂഹ രൂപീകരണം എന്നിവയെക്കുറിച്ചെല്ലാം ഉള്ള അറിവുകൾ ഉൾക്കൊള്ളുന്ന തെളിവുകളാണ് സ്ഥലനാമങ്ങൾ.

പറമ്പ്/വളപ്പ്/കുടിയിരിപ്പുകൾ (field name) എന്ന നിലയിലാണ് ഓരോ തുണ്ട് ഭൂമിയേയും വ്യവഹരിച്ചുപോന്നിട്ടുള്ളത്. ഈ വ്യവഹാരങ്ങളെ ക്രമപ്പെടുത്തി രേഖപ്പെടുത്തി വെച്ചതാണ് സെറ്റിൽമെൻറ് രജിസ്റ്ററുകൾ. ഫീൽഡ് നമ്പർ, വളപ്പ് പേര്, കൈവശക്കാരൻ/കാരി, ഭൂമിയുടെ തരം, വിള, ഭൂമിയുടെ സ്വഭാവം, മണ്ണിന്റെ ഇനം, വിസ്തീർണ്ണം, നികുതി, പട്ടയത്തിന്റെ

ഇനം എന്നിങ്ങനെ ഓരോ വളപ്പിനേയും സംബന്ധിക്കുന്ന സൂക്ഷ്മമായ അറിവുകളുടെ സഞ്ചയമാണ് ഇത്. സെറ്റിൽമെൻറ് ഓഫീസർ ആയിരുന്ന സി.എ. ഇന്നസ് ആണ് 1905-ൽ ഇതു തയ്യാറാക്കിയിട്ടുള്ളത്. ഈ രേഖാ സഞ്ചയത്തിൽ നിന്ന് പരപ്പനാടിന്റെ അല്ലെങ്കിൽ പഴയ ഏറനാട് താലൂക്കിന്റെ ഭാഗമായ അരിയല്ലൂർ, ഉള്ളണം, തിരൂരങ്ങാടി, തൃക്കുളം, നെടുവ, പഴഞ്ചന്നൂർ, പള്ളിക്കുന്ന്, പരപ്പനങ്ങാടി എന്നീ ദേശങ്ങളുടെ (village) ഫീൽഡ് നമ്പർ, വളപ്പുപേര്, ഭൂപടം (map) എന്നിവയാണ് ഈ പഠനത്തിന് അടിസ്ഥാനസാമഗ്രികളായി പരിഗണിച്ചിട്ടുള്ളത്.

വാണിജ്യ സംഘങ്ങൾ

വിഭവങ്ങളുടെ ഉല്പാദനത്തോളംതന്നെ പ്രധാനമാണ് അവയുടെ വിനിമയവും. ഓരോ ഉല്പന്നവും അവയുടെ ഉല്പാദനസ്ഥാനങ്ങളിൽ നിന്ന് ഉപഭോഗസ്ഥാനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് വിനിമയം എന്നതുകൊണ്ടർത്ഥമാക്കുന്നത്. പല ഉല്പാദനമേഖലകളിലും ഉല്പാദകർ തന്നെ വിനിമയത്തിൽ ഏർപ്പെട്ടുപോന്നു. എന്നാൽ ദൂരദേശങ്ങളിലേക്ക് വിഭവങ്ങൾ കൈമാറേണ്ട അവസരങ്ങളിൽ വിതരണത്തിനു മാത്രമായി ഒരു തൊഴിൽക്കൂട്ടം രൂപപ്പെട്ടുവന്നു. ഉല്പാദകരിൽ നിന്നു മാറി വിനിമയത്തിനു മാത്രമായി ഒരു സാമൂഹികവിഭാഗം ഉണ്ടായിരുന്നു എന്നാണ് പൊതുവെ ഇന്ത്യാചരിത്രവും കേരളചരിത്രവും പറഞ്ഞുവെക്കുന്നത്. റൊമീലാ ഥാപ്പർ തന്റെ ആദിമ ഇന്ത്യാചരിത്രത്തിൽ; “ശ്രേണിയിലൂടെയാണ് ഉല്പാദനവും കൈമാറ്റവും നടന്നിരുന്നത്. ഈ ശ്രേണി തൊഴിൽക്കാർ, വണിക്കുകൾ, കൈവേലക്കാർ എന്നിവരുടെ കൂട്ടമായിരുന്നു... ഈ സംഘടനകൾ വ്യാപാരത്തിന് അത്യാവശ്യമായിരുന്ന ഉല്പാദനവർദ്ധന ഉറപ്പാക്കുകയും നഗരജീവിതത്തിന്റെ ഒരു പ്രധാനഘടകമായി മാറുകയും ചെയ്തു” (2010; 335) എന്ന് നിരീക്ഷിക്കുന്നുണ്ട്.

ഉല്പന്നങ്ങളെ അവയുടെ പ്രഭവസ്ഥാനങ്ങളിൽനിന്നു ശേഖരിച്ച് വിപണനസ്ഥാനങ്ങളിലെത്തിച്ചിരുന്ന കച്ചവടസംഘങ്ങളായിരുന്ന അഞ്ചുവണ്ണം, മണിക്കിരാമം എന്നിവയെ കുറിച്ച് പൊതുചരിത്രത്തിൽ പരാമർശങ്ങൾ അനവധിയുണ്ട്. അഞ്ചുവണ്ണം ജൂതരുടെയും മണിക്കിരാമം ക്രിസ്ത്യാനികളുടെയും നേതൃത്വത്തിലുള്ള കച്ചവടസംഘങ്ങളായിരുന്നു. ഈ വാണിജ്യസംഘങ്ങൾ സിറിയ, പേർഷ്യ തുടങ്ങിയ പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു എന്നും അവർ കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ കിഴക്കൻഭാഗങ്ങളിലും അപൂർവ്വമായി ഉൾനാടുകളിലും വ്യാപിച്ചിരുന്നു എന്നും എം.ജി.എസ്. രേഖപ്പെടുത്തുന്നു (2013: 280). ക്രിസ്തുവർഷം ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ കേരളീയ വാണിജ്യത്തിന്റെ

ചുക്കാൻ പിടിച്ചിരുന്നത് മണിഗ്രാമം, അഞ്ചുവണ്ണം എന്നീ വർത്തക സംഘങ്ങളായിരുന്നു എന്ന് രാഘവവാര്യരും രാജൻ ഗുരുക്കളും വ്യക്ത മാക്കുന്നു (2007: 130).

കൊല്ലവർഷം 24-ൽ (എ.ഡി.849) അയ്യനടികൾ തിരുവടികൾ എന്ന വേണാട്ടുരാജാവ് കുരുക്കേണിക്കൊല്ലത്ത് മരുവാൻ സപീരീശോ ചെയ്യിച്ച തരിസാപ്പള്ളിക്ക് നല്കുന്ന ദാനപത്രമാണ് തരിസാപ്പള്ളി ശാസനം. "ഇവ്വാണ്ട് വേണാട് വാഴ്കിന്റെ അയ്യനടികൾതിരുവടിയും അതികാരരും പിരകിരുതിയും മണിക്കിരാമമുമഞ്ചുവണ്ണമും പുനൈത്തലൈപ്പതിയും ഉൾവൈത്തു"(ഉദ്യോഗസ്ഥരും പ്രകൃതിയും (മന്ത്രി അല്ലെങ്കിൽ പ്രധാന ഉദ്യോഗസ്ഥൻ) മണിഗ്രാമവും അഞ്ചുവണ്ണവും പൂന്നത്തലപ്പതിയും ചേർന്ന് അഥവാ അവരോടാലോചിച്ച്)എന്നും "അറുന്നൂറ്റവരും അഞ്ചുവണ്ണമുമണി ക്കിരാമമും ഇരക്ഷിക്കക്കടവർ പള്ളിയൈയും പൂമിയൈയും" (അറുന്നൂറ്റവരും അഞ്ചുവണ്ണവും മണിഗ്രാമവും പള്ളിയെയും ഭൂമിയെയും (ദാനം നല്കിയ ഭൂമി) രക്ഷിക്കണം) (കെ. രത്നമ്മ : 2005: 44, 58) എന്നും ഈ ശാസനത്തിൽ വണിക് സംഘങ്ങളെ പരാമർശിച്ചു കാണുന്നു.

അങ്ങാടികൾ, ചന്തകൾ, പീടികകൾ തുടങ്ങിയ വാണിജ്യ സങ്കേ തങ്ങളും പാണ്ടികശാല, കളം, പത്തായം തുടങ്ങിയ വിഭവസംഭരണ കേന്ദ്രങ്ങളും ജലമാർഗ്ഗത്തിലും കരമാർഗ്ഗത്തിലും ഉള്ള കച്ചവടപാതകളും ഉമണർ, ചെട്ടി തുടങ്ങിയ കച്ചവടക്കാരും ചേർന്നു നിർമ്മിക്കുന്ന—നിലനിർ ത്തുന്ന—ഇടപെടുന്ന—വികസിപ്പിക്കുന്ന സാംസ്കാരികസ്ഥാപനം എന്ന നിലയിൽ 'വിഭവവിനിമയം' മാറുന്നു. ഉമണർ, ചെട്ടി, മാപ്പിള തുടങ്ങിയ തൊഴിൽ/ജാതിക്കൂട്ടങ്ങളും വിഭവങ്ങളുടെ കൈമാറ്റത്തിൽ ഇടനിലക്കാർ എന്ന നിലയിൽ ഏർപ്പെട്ടിരുന്നവരാണ്. പരപ്പനാടിന്റെ ഭൂപരിധിയിൽ ഈ മൂന്നു വിഭാഗങ്ങളും അധിവസിച്ചിരുന്നതിന്റെ സൂചനകൾ സ്ഥലനാ മങ്ങളിൽ പ്രകടമാണ്.

## ചെട്ടികൾ

കച്ചവടം, വിപണി, കൈമാറ്റം എന്നീ സാമ്പത്തികവ്യവഹാരമണ്ഡല ങ്ങളിലും വിഭവവിനിമയത്തിന്റെ ആഭ്യന്തരവും വൈദേശികവും ആയ വിനിമയതലങ്ങളിലും ഇടപെടൽ ശേഷിയുള്ള ഇടനിലക്കാരാണ് ചെട്ടികൾ. 'സെട്ടി' എന്ന പ്രാകൃതപദത്തിൽ നിന്നാണ് 'ചെട്ടി' എന്ന മലയാള പദത്തിന്റെ നിഷ്പത്തി (ശ്രീകണ്ഠേശ്വരം: 2013: 821). 'സാർ ത്ഥ'എന്ന പ്രാകൃതപദത്തിൽ നിന്നോ 'ശ്രേഷ്ഠ' എന്ന പ്രാകൃത പദത്തിൽ നിന്നോ ആവാം 'ചെട്ടി' എന്ന പദത്തിന്റെ നിഷ്പത്തി എന്ന എൽ.എ. രവിവർമ്മയുടെ നിരീക്ഷണം എം.ജി.എസ്. ഉദ്ധരിക്കുന്നുണ്ട്(2013: 329).

കേരളത്തിലെ തീരദേശവാണിജ്യത്തിലും കടൽവാണിജ്യത്തിലും ഏർപ്പെട്ടിരുന്ന വാണിജ്യസംഘങ്ങളായിരുന്നു ചെട്ടികൾ. "ഇന്ത്യയുടെ കോറമാൻഡൽ തീരവും (കിഴക്കൻതീരം) മലാക്കയും തമ്മിലുള്ള ബന്ധം നിയന്ത്രിച്ചിരുന്നത് ചെട്ടിയാൻമാരാണ്" എന്ന എം.എൻ.പിയേഴ്സൺന്റെ നിരീക്ഷണം ഡോ. എം. ഗംഗാധരൻ ഉദ്ധരിക്കുന്നുണ്ട് (2013: 50). "കൊങ്കണ പ്രദേശത്തുനിന്നുവന്ന ശ്രേഷ്ഠി (ചെട്ടി) ആയിരുന്നു ആദി മൂഷകന്റെ മന്ത്രിമുഖ്യൻ. അത്തരം ചെട്ടികളോ അവരുടെ പിൻമുറക്കാരോ ആയിരിക്കണം പടിഞ്ഞാറൻതീരപ്രദേശത്തെ വാണിജ്യം നിയന്ത്രിച്ചിരുന്നത്" എന്ന് കെ.സി.വേണുഗോപാലൻ നമ്പ്യാർ (2006: 255) നിരീക്ഷിക്കുന്നു.

ചെട്ടികൾ കേരളതീരത്തെ കടൽക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്നതിന്റെ തെളിവുകൾ പയ്യന്നൂർപാട്ടിലും കാണാം.

"കുഴി പറെയുംഞ്ചിലർ ഞങ്ങളിതല്ലെ
കുല വാണിയെർ കടലൊടി വരുന്നതു ഞങ്ങൾ
പാഴികളുണ്ടോ വളർകുല ചെവ്വു" (23-ാം പാട്ട്)

"ചൊല്ലിൽ പെരിയ വങ്കച്ചിൽപ്പട്ടിൽ
ചൊമ്പുസെട്ടിക്കുമവൻ പിറന്നു" (18-ാം പാട്ട്)

"ബാണിയം ചെവാനു ബലതുവെണം
പലർകൈയിലാകൊല്ല ശിൽക്കണക്കു
ബെണമതിനൊടുതു കൊള്ള
നന്നാതെ നല്ല വചനം ബെണം
നായകന നീയെന്നും കെളിവണ്ണം
കാണിയും ബീശവും ശീൽക്കണക്കും
കാണമ്പൊഴെ കൊണ്ടച്ചാർത്തിവെക്ക" (35-ാം പാട്ട്)

എന്നിങ്ങനെ 'നമ്പുച്ചെട്ടി'ക്ക് കച്ചവടവുമായുള്ള ബന്ധം പലപാട് വ്യക്തമാവുന്നുണ്ട്.

ഏഴിമല മുതൽ കൊല്ലം വരെയുള്ള പ്രദേശങ്ങളിൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയെങ്കിലും യവനർ, മുസ്ലിങ്ങൾ എന്നിവരോടൊപ്പം ചെട്ടികളും വ്യാപാരക്കൂട്ടായ്മകളിലെ പ്രധാന പങ്കാളികളായിരുന്നു.

'ചെട്ടി' എന്ന പദം കച്ചവടം തൊഴിലാക്കിയ സവിശേഷസമൂഹത്തിലെ അംഗത്തെയും കച്ചവടസ്ഥാപനത്തിന്റെ അല്ലെങ്കിൽ സംഘടനയുടെ തലവൻ എന്ന അധികാരസ്ഥാനത്തെയും സൂചിപ്പിക്കുന്നു. കോഴിക്കോട്

സാമൂതിരിയുടെ വ്യാപാരകാര്യങ്ങളിൽ അധികാരപരമായ സ്ഥാനം വഹിച്ചിരുന്നവരാണ് ചെട്ടികൾ. 'വലങ്കൈചെട്ടി' എന്നാണ് ഇവരുടെ സ്ഥാനപ്പേര്. തുറമുഖത്തെത്തുന്ന വിദേശവിഭവങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതും വില നിശ്ചയിക്കുന്നതും ഈ ചെട്ടിയാണ്. കോഴിക്കോട്ട് തുറയിൽ വലങ്കൈചെട്ടിമാർ കച്ചവടത്തിൽ ഇടത്തട്ടുവഹിക്കുന്നു എന്ന് എൻ.എം.നമ്പൂതിരിയും (2008: 253) നിരീക്ഷിക്കുന്നുണ്ട്. വിദേശ സഞ്ചാരിയായ മാഹ്വാൻ,

"When a ship arrived from China the king's observer with a Cetti go on board to make an invoice of the goods and a day is settled for valuing the Cargo. On the day appointed the silk goods more especially the khinkes are first inspected and valued which, when desided upon all present joinhands where upon the broker says: "The price of your goods is now fixed and can not in any way be altered"എന്നു രേഖപ്പെടുത്തുന്നുണ്ട് (Nilakanta Sastri : 2001:307).

വ്യത്യസ്തവിഭവങ്ങളുടെ കൈമാറ്റക്കാരായും ചെട്ടികൾ പ്രവർത്തിച്ചിരുന്നു. കൈമാറ്റംചെയ്യുന്ന വിഭവങ്ങളുടെ പേരിലാണ് ഇവർ അറിയപ്പെട്ടിരുന്നത്. കുതിരച്ചെട്ടി, തുണിച്ചെട്ടി, പപ്പടച്ചെട്ടി തുടങ്ങിയവ ഉദാഹരണങ്ങളാണ്. അറേബ്യൻനാട്ടുകളിൽനിന്നും ഇറക്കുമതി ചെയ്തിരുന്ന കുതിരകളുടെ വ്യാപാരികളോ ഇടനിലക്കാരോ ആയിരുന്ന കുതിരച്ചെട്ടികളെക്കുറിച്ചുള്ള പരാമർശങ്ങൾ ചോളലിഖിതങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. മണിപ്രവാളകൃതിയായ ഉണ്ണിയച്ചീചരിതത്തിൽ;

"ചോനകനകക്കുതിര ചോണാട്ടുവിറ്റാൽ നമു-
ക്കാനയച്ചുടനിരണ്ടായിരം കിട്ടലാം"

എന്നിങ്ങനെ ജോനകക്കുതിരക്കച്ചവടത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. "ചോനകക്കുതിരയൊന്നുക്ക് രണ്ടായിരം ആനയച്ചിന് ചോണാട്ടിൽ വിറ്റിരുന്നത് ചോനകരായിരുന്നില്ല, ഇടനിലക്കാരായ മലയാളച്ചെട്ടിമാരായിരുന്നു" എന്ന് എം.ആർ. രാഘവവാര്യരും രാജൻ ഗുരുക്കളും അഭിപ്രായപ്പെടുന്നുണ്ട് (1999: 213). ചോക്കൂർ, പെരുവമ്പ തുടങ്ങിയിവിടങ്ങളിലെ പുരാലിഖിതങ്ങളിൽ പരാമർശിക്കപ്പെടുന്ന 'ചെട്ടി' എന്ന പദം ദക്ഷിണേന്ത്യയിൽ കച്ചവടം തൊഴിലാക്കിയ ഒരു ജാതി അല്ലെങ്കിൽ വർഗം നിലനിന്നിരുന്നതിന്റെ സൂചനയായി എം.ജി.എസ് നിരീക്ഷിക്കുന്നുണ്ട്(2013: 314). പാരമ്പര്യമായി കച്ചവടത്തൊഴിലിലേർപ്പെട്ട പ്രാദേശിക ഉപജാതി എന്ന നിലയിൽ ചെട്ടി വർത്തമാന കേരളത്തിലും നിലനില്ക്കുന്നുണ്ട്.

തീരദേശവാണിജ്യത്തിലും കടൽവാണിജ്യത്തിലും സജീവമായി ഏർപ്പെട്ടിരുന്ന വാണിജ്യസംഘം, സാമൂതിരിയുടെ വാണിജ്യകാര്യങ്ങളിൽ ഇടപെടൽ ശേഷിയുള്ള അധികാരി, വിഭവങ്ങളുടെ കൈമാറ്റക്കാർ, എന്നിങ്ങനെ വ്യത്യസ്തങ്ങളായ സാമൂഹിക പദവികൾ (Social status) കയ്യാളിയിട്ടുള്ള ഒരു വർഗ്ഗമാണ് ചെട്ടി. ചെട്ടി എന്ന പദം ചേർന്നു വരുന്ന വളപ്പുപേരുകൾ ചെട്ടികളുടെ അധിവാസത്തേയും സാമൂഹികജീവിതത്തേയും സൂചിപ്പിക്കുന്ന തെളിവുകൾ ആകുന്നു. പരപ്പനാടിന്റെ ഭൂപരിധിയിൽ നിരവധി വളപ്പുപേരുകൾ ഇത്തരത്തിൽ 'ചെട്ടി' എന്ന പദം ചേർന്നുകാണുന്നു. പരപ്പനാട്ടിൽ ആകെ ഇരുപത്തിആറ് വളപ്പുപേരുകളിലായി ചെട്ടികളുടെ അധിവാസം പ്രത്യക്ഷമാവുന്നു.

നെടുവ

| ഫീൽഡ് | നമ്പർ വളപ്പുപേര് |
|---|---|
| 76 | ചെട്ടിയാൽ തൊടിക പറമ്പ |
| 518 | ചെട്ടിക്കണ്ടം പറമ്പ |
| 561 | മൂത്തചെട്ടിയാൻ കണ്ടിപറമ്പ |
| 615 | മൂത്തെട്ട്യാൽ പറമ്പ |
| 617 | എളചെട്ടിയാൻ കണ്ടി പറമ്പ |
| 538 | ചെട്ടിക്കണ്ടി പറമ്പ |
| 623 | ചെട്ടിയുടെ കണ്ടി പറമ്പ |

നെടുവ ദേശത്തെ ഫീൽഡ് നമ്പറുകൾ 76, 623, 815, 617 എന്നിവ തൊട്ടു ചേർന്നുകിടക്കുന്ന വളപ്പുകളാണ്. ഇവയ്ക്ക് 'ചെട്ടി' എന്ന പദം പൊതുവായി വരുന്നു. കൂടാതെ 613 ഗണപതി ക്ഷേത്രത്തിന്റെ സ്ഥലവും 614 തെരുവിന് കിഴക്കേകണ്ടി തരിശും 617 വിളക്കുമാടം, മുണ്ടോങ്കണ്ടി പറമ്പ് എന്നിവയും സ്ഥിതിചെയ്യുന്നു.മുണ്ടോൻ മുണ്ടിയൻ ആണ്. തെരു ചെട്ടിത്തെരുവും. തെരു, മുണ്ടിയൻ, ചെട്ടി എന്നിവ ചെട്ടികളുടെ സവിശേഷമായ അധിവാസസംസ്കാരത്തിന്റെ സൂചനകളാണ്. 619 നിരത്ത്, 617 വിളക്കുമാടം എന്നിവ ഗതാഗതത്തിന്റെയും വിഭവകൈമാറ്റത്തിന്റെയും കണ്ണികൾ ആണ്. ഫീൽഡ് നമ്പർ 517 നിരത്തുവഴിയാണ്. ഇതിനോട് ചേർന്നാണ് 518, 538 ചെട്ടിക്കണ്ടി പറമ്പുകൾ സ്ഥിതി ചെയ്യുന്നത്. ഇതിൽ 538-ാം വളപ്പിനുള്ളിൽ തന്നെ ഒരു മണ്ടകം സ്ഥിതിചെയ്യുന്നു. മണ്ടകം കോയിലാണ്. ചെട്ടികളുടെ വളപ്പിനോട് ചേർന്നതായതുകൊണ്ടുതന്നെ ഇത് ഗണപതിക്ഷേത്രമായിരിക്കാനുള്ള സാധ്യത നിലനില്ക്കുന്നു. ഫീൽഡ് നമ്പർ 561 മൂത്ത ചെട്ട്യാൻ കണ്ടിപറമ്പ ആണ്. ഇതേ ഫീൽഡ് നമ്പറിൽ തന്നെ തെരുക്കണ്ടിപറമ്പും കാണാം. ഇതിനോട് ചേർന്നുള്ള 559-ൽ ഗണപതി

ക്ഷേത്രവും തെരുനടയും കൂടി ഉള്ള സ്ഥലമാണ്. ഗണപതിക്കോവിലും അതിനോടു ചേർന്നുള്ള തെരുവും ചെട്ടികളുടെ തനതായ അധിവാസക്രമത്തെ സൂചിപ്പിക്കുന്നു.

പഴഞ്ചന്നൂർ

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 299 | ചെട്ടിച്ചിവീട് പറമ്പ |
| 343 | ചെട്ടിയാട്ട പറമ്പ |

പഴഞ്ചന്നൂരിലെ 'ചെട്ടി' ചേർന്നുവരുന്ന ഫീൽഡ് നമ്പർ 299 ചെട്ടിച്ചിവീട് പറമ്പ, 343 ചെട്ടിയാട്ടപറമ്പ എന്നിവ തുറമുഖപ്രദേശത്ത് സ്ഥിതിചെയ്യുന്നവയാണ്. ഇതിൽ ഫീൽഡ് നമ്പർ 343 നിരത്തുവഴിക്കും ഫീൽഡ് നമ്പർ 299 പുഴയ്ക്കും സമീപത്തായി സ്ഥിതിചെയ്യുന്നു.

ഉള്ളണം

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 84 | ചെട്ട്യാം വീട് പറമ്പ |

ഉള്ളണം ദേശത്ത് ആകെ ഒരു വളപ്പുപേരിൽ മാത്രമാണ് ചെട്ടികളുടെ അധിവാസസൂചനകൾ ലഭ്യമാവുന്നത്

പള്ളിക്കുന്ന്

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 88 | പടിഞ്ഞാറേ ചെട്ടിയാം വീട് പറമ്പ |
| 89 | ചെട്ടിയാംവീട് പറമ്പ |
| 247 | ചെട്ടി കുറുമണ്ണ പറമ്പ |
| 251 | ചെട്ടി കുറുമണ്ണ പറമ്പ |
| 323 | ചെട്ടികുന്നുനിലത്തെ തറ പറമ്പ |
| 386 | ചെട്ടിക്കുന്നുനിലത്തെ തറ പറമ്പ |
| 385 | ചെട്ടിക്കുന്നു പള്ളിയാൽ |
| 471 | മേലേ ചെട്ടിയേടത്ത് പറമ്പ |

പള്ളിക്കുന്ന് ദേശത്തിൽ, ഫീൽഡ് നമ്പറുകൾ 88,89 എന്നിവ ചെട്ടിയാം വീട് പറമ്പുകളാണ്. ഇത് ചെട്ടികളുടെ അധിവാസത്തിന്റെ പ്രത്യക്ഷ സൂചനയാണ്. ഈ വളപ്പുകളിൽ നിന്ന് വടക്കുഭാഗത്തേക്ക് ഒരു നിരത്തുവഴി സ്ഥിതിചെയ്യുന്നുണ്ട്. ഈ നിരത്തിനോട് ചേർന്ന് ഫീൽഡ് നമ്പർ 471 മേലേ ചെട്ടിയേടത്ത് പറമ്പാണ്. വഴിയോട് ചേർന്ന് ഫീൽഡ് നമ്പർ

465 നടക്കാവ് പറമ്പും 466 കളത്തിങ്ങൽ പറമ്പും കാണാം. നിരത്തുവഴി, നടക്കാവ്, ചെട്ടി എന്നിവയെ വിഭവ കൈമാറ്റ ശൃംഖലയിലെ പ്രധാനപ്പെട്ട നാല് കണ്ണികളായി മനസ്സിലാക്കേണ്ടതുണ്ട്. 247, 251 എന്നീ ഫീൽഡ് നമ്പറുകൾ ചെട്ടി കുറുമണ്ണ പറമ്പുകളും ഇവയോട് ചേർന്ന ഫീൽഡ് നമ്പ റുകൾ 238, 240, 242 എന്നിവ മുണ്ടിയൻ കാവ് പറമ്പുകളുമാണ്. ചെട്ടികളുടെ അധിവാസ മാത്രകളോട് ചേർന്ന് തങ്ങളുടെ ആരാധനാമൂർത്തിയെ പ്രതിഷ്ഠിക്കുന്ന പതിവുണ്ട്. ഗണപതിയെയാണ് ഇങ്ങനെ പ്രതിഷ്ഠി ക്കുന്നത്. മുണ്ടിയൻ എന്നത് ഗണപതിയുടെ പ്രാദേശികരൂപമായി പരിഗണിച്ചുവരുന്നു. ഇതുകൂടാതെ മേൽപറഞ്ഞ പറമ്പുകളെല്ലാം കടലു ണ്ടിപ്പുഴയുടെ കരയിൽ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ഫീൽഡ് നമ്പർ 276 (കടവത്ത നമ്പ്രം പള്ള്യാളി) പുഴക്കടവാണ്. പുഴ, കടവ്, ചെട്ടികളുടെ അധിവാസ സ്ഥാനം എന്നിവ ചേർത്തുവെക്കുന്നതിലൂടെ ജലപാതകൾ വഴി വിഭവകൈമാറ്റം നടന്നിരുന്നതിന്റെയും ചെട്ടികൾക്ക് ഈ കൈമാറ്റത്തിൽ പങ്ക് ഉണ്ടായിരുന്നതിന്റെയും ഭൂമിശാസ്ത്രപരമായ സൂചനകൾ ലഭിക്കുന്നു.

323, 385, 386 എന്നീ ഫീൽഡ് നമ്പറുകൾ തൊട്ടുതൊട്ടുകിടക്കുന്ന വളപ്പു കളാണ്. ഇവ ചെട്ടിക്കുന്നുകളാണ്. ഇതിനോട് ചേർന്ന് 387, 409 എന്നീ ആൽക്കണ്ടി പറമ്പുകളും കിഴക്കുവശത്ത് ഫീൽഡ് നമ്പർ 321 നടക്കാവ് പറമ്പും, 323 ൽ കളത്തിങ്ങൽ കണ്ടിയും ഉൾപ്പെടുന്നു. നടക്കാവ്, കളം, ചെട്ടി എന്നിവയ്ക്ക് വിഭവകൈമാറ്റത്തിലുള്ള പ്രാധാന്യം പ്രത്യക്ഷമാണ്. ആൽക്കണ്ടി പറമ്പ് ആൽമരം നിൽക്കുന്ന സ്ഥലമാണ്. ആൽത്തറകൾ വിഭവകൈമാറ്റ കേന്ദ്രങ്ങളായും പ്രവർത്തിച്ചിരുന്നു.

പരപ്പനങ്ങാടി

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 344 | ചെട്ടിക്കണ്ടി പറമ്പ |
| 359 | ചെട്ടിപ്പടിക്കൽ |
| 363 | ചെട്ടിക്കുന്നിന്റെ അകംസ്ഥലം |
| 367 | ചെട്ടിക്കുന്നിന്റെ അകം സ്ഥലം |

പരപ്പനങ്ങാടി ദേശം, ഫീൽഡ് നമ്പർ 344 ചെട്ടിക്കണ്ടി പറമ്പാണ്. ഈ വളപ്പിൽ നിന്ന് ഫീൽഡ് നമ്പർ 361 ഇടവഴിയിലൂടെ 372-ാം നമ്പർ റോഡിലേക്ക് എത്തിച്ചേരുന്നതായിക്കാണാം. ഫീൽഡ് നമ്പർ 371 ആലക്കങ്ങൽ തെരുവാണ്. ഫീൽഡ് നമ്പർ 373-ൽ പീടിക സ്ഥലവും ഉൾപ്പെടുന്നു. ഇവയെല്ലാം കടൽത്തീരത്തോട് ചേർന്നുകിടക്കുന്ന

വളപ്പുകളാണ്. കടൽവഴിയുള്ള വാണിജ്യത്തിൽ ചെട്ടിമാർക്കുള്ള ഇടം വ്യക്തമാക്കുന്നുണ്ട് ഈ അധിവാസ സ്ഥാനം.

അരിയല്ലൂർ

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 45 | ചെട്ട്യാംവീട് പറമ്പ |
| 258 | കിഴക്കേ ചെട്ട്യാട്ട പറമ്പ |
| 275 | ചെട്ട്യാം കുളങ്ങര പറമ്പ |
| 548 | ചെട്ട്യാം വീട് പറമ്പ |

അരിയല്ലൂർ ദേശത്ത് ആകെ നാലു വളപ്പു പേരുകളിലാണ് 'ചെട്ടി' പ്രത്യക്ഷമാവുന്നത്. ഇതിൽ ഫീൽഡ് നം. 45-നോടു സമീപത്ത് വിഭവസം ഭരണകേന്ദ്രമായ 'കളം' ഉള്ളതായി കാണാം. ഫീൽഡ്.നം.258, 275 എന്നീ വളപ്പുകൾ പ്രധാനനിരത്തിനോടു ചേർന്നു സ്ഥിതിചെയ്യുന്നവയാണ്. ഫീൽഡ് നം.548 മാതാപ്പുഴയുടെ കരയിലായി സ്ഥിതി ചെയ്യുന്നു. മേല്പറഞ്ഞ വളപ്പുകളെല്ലാം വിഭവ വിനിമയത്തിന്റെ വിവിധസാദ്ധ്യതകളുമായി ചേർന്നുനില്ക്കുന്നതായി മനസ്സിലാക്കാം.

മേൽപറഞ്ഞ സ്ഥലനാമങ്ങൾ / ചെട്ടികളുടെ അധിവാസസ്ഥാനങ്ങൾ പരപ്പനാട്ടിൽ വ്യാപകമായിരുന്ന കടൽ-പുറംനാട് വാണിജ്യത്തിൽ ചെട്ടികൾക്കുള്ള പങ്ക്, ആഭ്യന്തരവാണിജ്യത്തിന്റെയും വിഭവകൈമാറ്റത്തിന്റെയും ശൃംഖലയിലെ പ്രധാന കണ്ണിയെന്ന നില തുടങ്ങിയ അറിവുകളുടെ ചരിത്രസൂചനകൾ ആയി നില്ക്കുന്നു. ഉൾനാടൻ വാണിജ്യത്തിന്റെയും വിദേശവാണിജ്യത്തിന്റെയും മേഖലകളിൽ ഒരുപോലെ ഇടപെടൽ ശേഷിയുള്ള ചെട്ടികളുടെ വിന്യാസം പരപ്പനാട്ടിലെ വാണിജ്യത്തെ ഒട്ടാകെ ചലനാത്മകമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്നു എന്നുവേണം മനസ്സിലാക്കാൻ.

## ഗ്രന്ഥസൂചി

1. Nilakanta sastri, K.A., 2001, *Foreign Notices of South India*, University of Madras.
2. രത്നമ്മ, കെ., 2005, *പ്രാചീന ശാസനങ്ങളും മലയാള പരിഭാഷയും*, സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്.
3. രാഘവവാര്യർ, രാജൻ ഗുരുക്കൾ, 2007, *കേരള ചരിത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. ആന്റണി, പി.(എഡി.), *പയ്യന്നൂർ പാട്ട്: പാഠവും പഠനങ്ങളും*, 2000, കേരള പഠനകേന്ദ്രം, ചങ്ങനാശ്ശേരി.
5. ശ്രീകണ്ഠേശ്വരം ജി.പദ്മനാഭപിള്ള, *ശബ്ദതാരാവലി,* 2013, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
6. ഗംഗാധരൻ, എം. *വാണിജ്യകേരളം*, 2013, ഡി.സി. ബുക്സ്, കോട്ടയം
7. Narayanan, M.G.S., 2013, *Perumals of Kerala,* Cosmo Books,Thrissur.
8. നമ്പൂതിരി, എൻ.എം., *മലബാർ പഠനങ്ങൾ—സാമൂതിരിനാട്,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
9. വേണുഗോപാലൻ നമ്പ്യാർ, കെ.സി., 2006, *പയ്യന്നൂർ പാട്ടും ചരിത്രവും*, താപസം Vol.2 issue 2,
10. റൊമീല ഥാപ്പർ, 2010, *ആദിമ ഇന്ത്യാചരിത്രം,* ഡി.സി.ബുക്സ് , കോട്ടയം